LIBRARY ARCHIVES Kerala Legislative Assembly

മൂർത്തനാട് കുടിവെള്ള പദ്ധതി

182(687) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന മൂർത്തനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; അറിയിക്കാമോ?

മൂർത്തനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂതപ്പുഴയിൽ നിലപ്പറമ്പ് കടവിൽ 10 മീറ്റർ വ്യാസമുള്ള കിണർ, പമ്പ്ഹൗസ്, തുടിയറാട്ടുകുന്നിൽ 15 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജല ശുദ്ധീകരണശാല, 3350 മീറ്റർ ദൈർഘ്യമുള്ള 500 എം.എം. റാ-വാട്ടർ പമ്പിംഗ് മെയ്ൻ, 330 H.P പമ്പ് സെറ്റ് 6.25 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണി, 400 എം.എം, 200 എം.എം, 100 എം.എം ഡി.ഐ. പൈപ്പ് സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, 5.81 ലിറ്റർ, 5.10 ലക്ഷം ലിറ്റർ ശേഷി വീതമുള്ള ഉന്നതതല ജല സംഭരണികൾ, 3065 മീറ്റർ ദൈർഘ്യത്തിൽ 300 എം.എം.ഡി.ഐ. ഗ്രാവിറ്റി മെയിൻ, 1092 മീറ്റർ ദൈർഘ്യത്തിൽ 250 എം.എം.ഡി.ഐ. ഗ്രാവിറ്റി മെയ്ൻ, 240 കിലോമീറ്റർ വിതരണ ശൃംഖല എന്നീ പ്രവൃത്തികൾ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൂർത്തനാട് കുടിവെള്ളപദ്ധതിയുടെ പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളിലെ വീടുകൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകാൻ ലക്ഷ്യമിട്ട് ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ഏതെല്ലാം ഇനത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; ഇനി വിനിയോഗിക്കാൻ ബാക്കിയുള്ള ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഈ പദ്ധതിക്കായി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 5674.32 ലക്ഷം രൂപയുടെ അനുമതിയാണ് നൽകിയിരുന്നത്. പ്രസ്തുത തുക പൂർണമായും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് ശീർഷകങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു *.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നാളിതുവരെ എത്ര ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്; ഇനി എത്ര കണക്ഷനുകൾ നൽകാൻ ബാക്കിയുണ്ട്; പദ്ധതി പൂർത്തീകരിക്കുമ്പോൾ എത്ര കണക്ഷനുകൾ നൽകാൻ കഴിയും; വിശദമാക്കുമോ?

ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1- ൽ ചേർത്തിരിക്കുന്നു.*

(ഡി) പദ്ധതിയുടെ ജലസ്രോതസ്സ് നിലനിർത്തുന്നതിന് സഹായകരമായ കീഴ്ശേരി മോദിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ആയതിന്റെ നിലവിലത്തെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കീഴ്ശേരി മോദിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി സർക്കാർ 70 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കി ധനസഹായത്തിനായി കിഫ്ബിയിൽ സമർപ്പിച്ച് 67.64 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. കെ.ഐ.ഐ.ഡി.സി.-യുടെ ടെക്നിക്കൽ കമ്മിറ്റി 22-11-2019-ന് 66.94 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും പ്രീ-ക്വാളിഫിക്കേഷൻ സമ്പ്രദായത്തിൽ 23-11-2019-ന് ടെൻഡർ ചെയ്യുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. 18 മാസമാണ് പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി. പ്രസ്തുത പ്രവൃത്തിയിൽ ഇടത് അബട്മെന്റ്, റാഫ്റ്റ് ഫൗണ്ടേഷൻ, 2 പിയറുകളുടെ ഓപ്പൺ ഫൂട്ടിംഗ്, 3 പിയറുകളുടെ പൈൽ ഫൗണ്ടേഷൻ 1.5 മീറ്റർ ഉയരത്തിൽ 2 പിയറുകളുടെ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

വടകര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

183(688) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് തീരദേശങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly